File No.HEDN-C2/119/2020-HEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഉന്നതവിദ്യാഭ്യാസ വകുപ്പ്- കാസർകോഡ് ജില്ലയിലെ കരിന്തളം കീനാനൂർ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉന്നതവിദ്യാഭ്യാസ(സി) വകുപ്പ്

സ.ഉ.(കൈ) നം.279/2021/ഉ.വി.വ തീയതി,തിരുവനന്തപുരം, 11/06/2021

പരാമർശം:- 1 29/10/2019 ലെ സ.ഉ (കൈ) നം. 328/2019/റവ ഉത്തരവ്

2 കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 05/07/2020 തീയ്യതിയിലെ പി2/18922/2018/കോ.വി.വ നമ്പർ കത്ത്.

ഉത്തരവ്

കാസർകോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിലെ കരിന്തളം വില്ലേജിലെ കീനാനൂരിൽ 5 ഏക്കർ സ്ഥലം സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് സ്ഥാപിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിന് പരാമർശം 1 ലെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്തെ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുണമെന്ന് പരാമർശം(2)ലെ കത്ത് പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കാസർകോഡ് ജില്ലയിലെ കരിന്തളം വില്ലേജിലെ കീനാനൂർ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഭരണാനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടും മറ്റു വിവരങ്ങളും കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമായി സമർപ്പിക്കുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വേണു വി ഐഎഎസ്
അഡീഷണൽ ചീഫ് സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം.
ഡയറക്ടർ,കിറ്റ്കോ,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ(എ&ഇ) കേരള,തിരുവനന്തപുരം.
www.highereducation.kerala.gov.in
ധനകാര്യ വകുപ്പ്(Vide UO(F) ഇൻഫ/ഇഡിഎൻ/സി2/4/2021/ധന തീയ്യതി 05/02/2021 പ്രകാരം)
പൊതുഭരണ(എസ്സ്.സി) വകുപ്പിന്,09/06/2021 ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം 35 പ്രകാരം)
വെബ് &ന്യൂ മീഡിയ,I&PRD
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 09-06-2021**

ഫയൽ നം. സി2/119/2020/ഉ.വി.വ. ഇനം നം: 35

വിഷയം : ഉന്നതവിദ്യാഭ്യാസവകുപ്പ് - ഉന്നതവിദ്യാഭ്യാസം - കിനാനൂർ കരിന്തളം സർക്കാർ കോളേജ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

(65)

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നതവിദ്യാഭ്യാസവകുപ്പ്.

Office of the Additional Chief Secretary, Higher Education & Environment Department
1016

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കാസർകോഡ് കിനാനൂർ കരിന്തളം സർക്കാർ കോളേജ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പ്. കിനാനൂർ കരിന്തളം സർക്കാർ കോളേജ് നിർമ്മാണത്തിനായി 5 ഏക്കർ ഭൂമി റവന്യു വകുപ്പിന്റെ 29/10/2019 ലെ സ.ഉ (കൈ) നം. 328/2019/റവ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. എന്നാൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി DPR തയ്യാറാക്കാൻ കിറ്റ്കോയോട് ആവശ്യപ്പെട്ടപ്പോൾ മന്ത്രിസഭാ അംഗീകാരം ആവശ്യമാണെന്ന് കിറ്റ്കോ അറിയിച്ചതായി കോ.വി. ഡയറക്ടർ വ്യക്തമാക്കുകയും അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു. പ്രസ്തുത സ്ഥലത്ത് കോളേജ് കെട്ടിടം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് KITCO അധികൃതർ സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും മേൽ സാഹചര്യത്തിൽ ടി കോളേജ് നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനായി മന്ത്രിസഭാ തീരുമാനം ലഭ്യമാക്കണമെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരിക്കുന്നു.

2. കോളേജ് കെട്ടിട നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച അഭിപ്രായത്തിലേക്കായി ഫയൽ ധനകാര്യ വകുപ്പിലേക്ക് അയച്ചപ്പോൾ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി

"കിഫ്ബി മാർഗനിർദേശപ്രകാരം ഒരു പദ്ധതി കിഫ്ബി പദ്ധതിയായി ഉൾപ്പെടുത്തണമെങ്കിൽ, ബജറ്റ് പ്രസംഗത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതിക്ക് ഭരണവകുപ്പിന്റെ ഭരണാനുമതിയോടെ ഭരണ വകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള എസ്.പി.വി, പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കേണ്ടതാണ്. ബജറ്റിൽ പ്രഖ്യാപിക്കാത്ത പദ്ധതികൾ കിഫ്ബിയിൽ ഉൾപ്പെടുത്തണമെങ്കിൽ, പദ്ധതി മുഖ്യമന്ത്രിയുടെയും മന്ത്രിസഭയുടെയും അംഗീകാരത്തോടെ ഭരണവകുപ്പിൻറെ ഭരണാനുമതി ഉൾപ്പെടെ കിഫ്ബിയിൽ സമർപ്പിക്കേണ്ടതാണ്.

ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ Note #26 ലെ അഭിപ്രായപ്രകാരം പദ്ധതിക്കായി മന്ത്രിസഭാ തീരുമാനം ആവശ്യമാണെന്ന് വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി ബന്ധപ്പെട്ട ഭരണ വകുപ്പ് ഭരണാനുമതി നൽകുകയും, ചുമതലപ്പെടുത്തിയിട്ടുള്ള എസ്.പി.വി.കൾ പദ്ധതിയുടെ വിശദമായ പ്രോജക്റ്റ്

റിപ്പോർട്ടും മറ്റു വിവരങ്ങളും കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമായി സമർപ്പിക്കുകയും ചെയ്യുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്".

3. 2018 ലെ ബഡ്ജറ്റ് പ്രഖ്യാപനത്തെ തുടർന്ന് കിനാനൂർ കരിന്തളം സർക്കാർ കോളേജ് പാലിയേറ്റീവ് കെയർ ആവശ്യമുള്ള

രോഗികൾക്കായി പഞ്ചായത്ത്നിർമ്മിച്ച കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്.ടി കോളേജ് ആരംഭിച്ചപ്പോഴേക്കും മറ്റ് കോളേജുകൾക്ക് കിഫ്ബി മുഖാന്തിരമുള്ള നിർമ്മാണപ്രവർത്തനങ്ങൾക്ക് മന്ത്രിസഭയുടെ അനുമതി ലഭിച്ചു കഴിഞ്ഞിരുന്നു.

4. ഇപ്പോൾ കണ്ടെത്തിയിരിക്കുന്ന 5 ഏക്കർ സ്ഥലം കോളേജിന്റെ നിലവിലെയും ഭാവിയിലെയും ആവശ്യങ്ങൾ നിറവേറ്റുന്ന ഒരു കാമ്പസ് നിർമ്മിക്കുന്നതിനായി അത്യന്താപേക്ഷിതമാണ്.

5. കാബിനറ്റ് അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ മാസ്റ്റർ പ്ലാനും ഡിപിആറും തയ്യാറാക്കാൻ കഴിയുകയുള്ളൂ. സമാന കാമ്പസുകൾക്ക് നിശ്ചയിച്ചിട്ടുള്ള തുകയുടെ അടിസ്ഥാനത്തിൽ ഏകദേശം 12 കോടി രൂപ ഈ പ്രവർത്തിക്ക് ആവശ്യവുമാണ്.

6. കിനാനൂർ കരിന്തളം സർക്കാർ കോളേജ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച തീരുമാനമാനത്തിനായി ഈ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാമോ എന്നത് സംബന്ധിച്ച് ഉത്തരവിനായി സമർപ്പിച്ചപ്പോൾ മന്ത്രിസഭായോഗത്തിന്റെ പരിഗണയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവ് നൽകിയിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കാസർകോഡ് കിനാനൂർ കരിന്തളം സർക്കാർ കോളേജിന്റെ കെട്ടിടനിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകാമോ?

## Note for the Council of Ministers

This Note relates to the inclusion of Construction of Government College Kinanur,Karinthalam,Kasargod under the KIIFB project. As per the GO(Rt) no.328/2019/REV dated 29/10/2019, 5 Acres of land was granted by Revenue Department for the purpose. When requested to prepare DPR, KITCO has informed that decision of Council of Ministers is essential for inclusion of works under KIIFB.Hence the DCE has requested Government for approval of the Council of Ministers for the project of construction of building for Government college, Kinanur,Karinthalam.

2. When FD was requested to offer remarks on inclusion of the project under KIIFB, FD offered the following remarks.

"കിഫ്ബി മാർഗനിർദേശപ്രകാരം ഒരു പദ്ധതി കിഫ്ബി പദ്ധതിയായി ഉൾപ്പെടുത്തണമെങ്കിൽ, ബജറ്റ് പ്രസംഗത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതിക്ക് ഭരണവകുപ്പിന്റെ ഭരണാനുമതിയോടെ ഭരണ വകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള എസ്.പി.വി, പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കേണ്ടതാണ്. ബജറ്റിൽ പ്രഖ്യാപിക്കാത്ത പദ്ധതികൾ കിഫ്ബിയിൽ ഉൾപ്പെടുത്തണമെങ്കിൽ, പദ്ധതി മുഖ്യമന്ത്രിയുടെയും മന്ത്രിസഭയുടെയും അംഗീകാരത്തോടെ ഭരണവകുപ്പിൻറെ ഭരണാനുമതി ഉൾപ്പെടെ കിഫ്ബിയിൽ സമർപ്പിക്കേണ്ടതാണ്.

ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ Note#26 ലെ അഭിപ്രായപ്രകാരം പദ്ധതിക്കായി മന്ത്രിസഭാ തീരുമാനം ആവശ്യമാണെന്ന് വ്യക്തമാക്കുന്നുണ്ട്. ആയതിനാൽ പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി ബന്ധപ്പെട്ട ഭരണ വകുപ്പ് ഭരണാനുമതി

നൽകുകയും, ചുമതലപ്പെടുത്തിയിട്ടുള്ള എസ്.പി.വി.കൾ പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ടും മറ്റു വിവരങ്ങളും കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമായി സമർപ്പിക്കുകയും ചെയ്യുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്."

3. The Kinanoor Karinthalam college was started in 2018 in a Panchayat building built for patients needing palliative care, following the budget announcement of the college. By then the approval for KIIFB assistance for existing Government Arts and Science colleges had been obtained from the Council of Ministers.

4. Now 5 acres of land has been identified. It is essential for the College to build a campus that accommodates the present and future needs of the college.

5. The master plan and DPR can be prepared only after Cabinet approval is obtained. Based on the cost of similar campuses, Rs 12 crore would be required.

6. When the file circulated for orders for inclusion of the construction of Government College,Kinanur, Karinthalam,under KIIFB, Hon'ble Chief Minister has ordered to place the proposal before the Council of Ministers.

## Points for Decision

Whether Administrative Sanction for the construction of Government College,Kinanur, Karinthalam,Kasargod may be issued by including the works under KIIFB ?